ശതമാനം പലിശയിളവ് അനുവദിച്ചിട്ടുണ്ട്. മുഴുവൻ സഹകരണ ജീവനക്കാർക്കും ഇപ്രകാരം പലിശയിളവ് അനുവദിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്.

പത്തനംതിട്ട ജില്ലയിലെ നിക്ഷേപ സമാഹരണം

1221 [2190] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ നിക്ഷേപ സമാഹരണത്തിന് നിശ്ചയിച്ചിരുന്ന ടാർജറ്റ് എത്ര രൂപയായിരുന്നു;

(ബി) സമാഹരിച്ച തുകയെത്ര;

(സി) നിർദ്ദേശിച്ചിരുന്നതിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ച സഹകരണ സ്ഥാപനം ഏതാണ്;

(ഡി) നിശ്ചയിച്ചിരുന്ന തുക, സമാഹരിച്ച തുക ഇവ എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 350 ലക്ഷം രൂപ അധിക നിക്ഷേപം സമാഹരിക്കുക എന്നതായിരുന്നു.

(ബി) 879.21 ലക്ഷം രൂപ.

(സി) തിരുവല്ലാ ഈസ്റ്റ് കോ—ഓപ്പറേറ്റീവ് ബാങ്ക്.

(ഡി) നിശ്ചയിച്ച തുക 65 ലക്ഷം രൂപയും സമാഹരിച്ചത് 95 ലക്ഷം രൂപയും ആണ്.

നാട്ടിക ഫർക്ക കോ—ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന ആവശ്യം

1222 [2191] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക ഫർക്ക കോ—ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ലെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള അസിസ്റ്റന്റ് രജിസ്ട്രാർമാരിൽ നിന്നും ഒരാളെ റീഡിപ്ലോയ് ചെയ്ത് ബാങ്കിന്റെ അഡ്മിനിസ്ട്രേറ്ററുടെ ജോലി ഏൽപ്പിക്കുന്നതിനുള്ള നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly